## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. **3576** — **17/10/2011** ൽ മറുപടിയ്ക്ക്

### ഔഷധി — മികവിന്റെ കേന്ദ്രം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ. അടൂർ പ്രകാശ് (ബഹു.ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) 'ഔഷധി'—യെ മികവിന്റെ കേന്ദ്രമാക്കി ഉയർത്താൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | 'ഔഷധി'—യെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിനു വേണ്ടി 12.20 കോടി രൂപ അടങ്കൽ ചിലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്റ്റ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിക്കുകയും കേന്ദ്രവിഹിതമായ 5 കോടി (അഞ്ചു കോടി) രൂപയിൽ 2 കോടി (രണ്ടു കോടി) രൂപ ഔഷധിക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ആവശ്യമായി വരുന്ന 7.20 കോടി രൂപ കേരള സർക്കാരും ഔഷധിയും കൂടി വഹിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രോജക്റ്റിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചു കഴിഞ്ഞു. 2012 വർഷം അവസാനത്തോടെ പദ്ധതി പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്; വിശദാംശം നൽകുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി താഴെ പറയുന്ന വിവിധ പദ്ധതികൾ ഔഷധി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br><br>1. ഗുണനിലവാരമുള്ളതും വ്യാവസായിക പ്രാധാന്യമുള്ളതുമായ ഔഷധസസ്യങ്ങളുടെ ഉൽപാദനവും വിതരണവും ലക്ഷ്യമാക്കി ഔഷധി സമർപ്പിച്ച പ്രോജക്ടിന് എൻ.എം.പി.ബി. അംഗീകാരം നൽകുകയും 22 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കുട്ടനല്ലൂരിലും കണ്ണൂർ ജില്ലയിലെ പരിയാരത്തും രണ്ട് നഴ്സറികൾ ആരംഭിക്കുകയും |

ഈ നഴ്സറികളിൽ നിന്ന് അശോകം, ചന്ദനം, കൂവളം, നീർമരുത്, രക്തചന്ദനം തുടങ്ങിയ 319785 ഔഷധ സസ്യതൈകൾ ഉൽപാദിപ്പിച്ച് കർഷകർക്ക് ഇതിനോടകം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. ഔഷധസസ്യങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ കർഷകർ ഉൽപാദിപ്പിക്കുന്ന അസംസ്കൃത മരുന്നുകൾ ന്യായമായ നിരക്കിൽ തിരികെ വാങ്ങുന്ന പദ്ധതി വിജയകരമായി ഔഷധി നടപ്പിലാക്കുന്നുണ്ട്.

3. ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുന്നതിന്റെ പ്രാധാന്യം സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ ധനസഹായത്തോടെ തൃശ്ശൂർ ജില്ലയിലെയും കണ്ണൂർ ജില്ലയിലെയും തിരഞ്ഞെടുത്ത 100 വീതം സ്കൂളുകളിൽ ഔഷധിയുടെ നേതൃത്വത്തിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മുൻപ് ലഭിച്ച 5.5 ലക്ഷം രൂപയ്ക്കു പുറമെ 20 ലക്ഷം രൂപ കൂടി എൻ.എം.പി.ബി.പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുണ്ട്.

4. തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിനെ ചന്ദന ഗ്രാമമാക്കുന്നതിനു വേണ്ടി ഒരു വീട്ടിൽ ചുരുങ്ങിയത് ഒരു ചന്ദനമരമെങ്കിലും വളർത്തുന്ന പദ്ധതിക്ക് ആവശ്യമായ 5000 ചന്ദനതൈകൾ ഔഷധി ഉൽപാദിപ്പിച്ച് വിതരണം ചെയ്യുകയുണ്ടായി.

5. തൃശ്ശൂർ ജില്ലയിൽ ഔഷധിയോട് ചേർന്ന് കിടക്കുന്ന പുത്തൂർ പഞ്ചായത്തിലെ കർഷകർക്ക് 3000 ഔഷധ സസ്യതൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തു.

യിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു.

7. തൃശ്ശൂർ സെൻട്രൽ ജയിലിലെ 4 ഏക്കർ സ്ഥലം കൃഷിചെയ്യുന്നതിന് ആവശ്യമായ ഗ്രാഫ്റ്റ് നെല്ലി, നീർമരുത്, കുമിള് തുടങ്ങി വിവിധയിനം ഔഷധ സസ്യതൈകൾ ഔഷധി നഴ്സറികൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു.

(സി) മികച്ച ആയുർവേദ ചികിത്സ ലഭ്യമാക്കാൻ ഔഷധി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

(സി) സാധാരണ ജനങ്ങൾക്ക് മികച്ച ആയുർവേദചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ ഗുണമേന്മയുള്ള മരുന്നുകൾ ഔഷധി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കേരളത്തിലെ 1034 സർക്കാർ ആശുപത്രികളിലേക്കും, ഡിസ്പെൻസറികളിലേക്കും ആവശ്യമായ മരുന്നുകൾ കാര്യക്ഷമമായി വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ വർഷം മൂന്നു ടേമുകളിലായി 6.95 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്തു. കൂടാതെ ഗ്രാമപഞ്ചായത്തുകൾ മുഖേന വിവിധ ഡിസ്പെൻസറികളിലേക്കും, ആശുപത്രികളിലേക്കും 14.56 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ എൻ.ആർ;എച്ച്.എം. ന്റെ ഭാഗമായി 3.28 കോടി രൂപയുടെ മരുന്നുകൾ വിവിധ സർക്കാർ ആയുർവേദ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. ഔഷധിയുടെ തൃശ്ശൂരിലുള്ള പഞ്ചകർമ്മ ആശുപത്രിയിലൂടെ ഉന്നത നിലവാരമുള്ള ആയുർവേദ ചികിത്സ ന്യായമായ നിരക്കിൽ പൊതുജനങ്ങൾക്ക് നൽകിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ